**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1099** **29-06-2026-ൽ മറുപടിയ്ക്ക്**

**മിച്ചൽ ജംഗ്ഷൻ നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മറുപടി:** RFCTLARR ആക്ട് 2013 പ്രകാരം മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രാഥമിക വിജ്ഞാപനം (ഫോം നമ്പർ -7) പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ നിലനിന്നിരുന്ന കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുനരാരംഭിക്കേണ്ടി വന്നിട്ടുള്ളതാണ്.

നിലവിൽ ബഹു.കേരള ഹൈക്കോടതിയിൽ ശ്രീ.കോശി ഫിലിപ്പ് എന്നയാൾ ഫയൽ ചെയ്ത WP(C) No. 45776/25 നമ്പർ കേസിന്റെ 27.03.2026 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ (PWD) റോഡ്സ്, സ്പെഷ്യൽ തഹസിൽദാർ എൽ.എ. എന്നിവരുടെ സാന്നിധ്യത്തിൽ പരാതിക്കാരനെ 13/7/26 ൽ ജില്ലാ കളക്ടർ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**